പതിനാലാം കേരള നിയമസഭ
പതിനെട്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1350** **06.02.2020-ലെ മറുപടിക്ക്**

**'പാട്ടക്കാലാവധി തീർന്ന തോട്ടംഭൂമി തിരിച്ചുപിടിക്കാൻ നടപടി'**

**ചോദ്യം**
**ശ്രീ. മോൻസ് ജോസഫ്**

**മറുപടി**
**ശ്രീ.ഇ.ചന്ദ്രശേഖരൻ**
**(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി)**

| | | | |
|---|---|---|---|
| (എ) | പാട്ടക്കാലാവധി തീർന്ന തോട്ടം ഭൂമി തിരിച്ചുപിടിക്കാൻ റവന്യൂ വകുപ്പ് നടപടി സ്വീകരിക്കുമോ; | (എ) | തിരുവനന്തപുരം, കൊല്ലം ആല്പപ്പുഴ, കോട്ടയം എറണാകുളം, തൃശ്ശൂർ, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ ജില്ലകളിൽ തോട്ടഭൂമി പാട്ടത്തിന് നൽകിയിട്ടില്ലാത്തതാണ്. മറ്റ് 4 ജില്ലകളിലെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:<br>പത്തനംതിട്ട ജില്ലയിൽ എൻ.എസ്.എസ്.നൂറക്കോട് എസ്റ്റേറ്റ്, ശ്രീ. കരുണാകരൻ നായർ, അമ്മച്ചിക്കാട് എസ്റ്റേറ്റ് എന്നീ തോട്ടഭൂമികൾ നിലവിൽ പാട്ടത്തിന് നൽകിയിട്ടുണ്ട്. പാലക്കാട് ജില്ലയിൽ നെന്മാറ ഫോറസ്റ്റ് ഡിവിഷന് കീഴിൽ വനം വകുപ്പ് മുഖാന്തിരമാണ് തോട്ടഭൂമി പാട്ടത്തിന് നൽകി വരുന്നത്. കാസർഗോഡ് ജില്ലയിൽ ഹോസ്ദുർഗ് താലൂക്കിൽ കയ്യൂർ, ചീമേനി വില്ലേജുകളിലായി നിലവിൽ പ്ലാന്റേഷൻ കോർപ്പറേഷന് ഭൂമി പാട്ടത്തിന് നൽകിയിട്ടുണ്ട്.<br>ഇടുക്കി ജില്ലയിൽ പാട്ടക്കാലാവധി തീർന്ന എസ്റ്റേറ്റുകൾ തിരിച്ചെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട് |
| (ബി) | തോട്ടം ഭൂമിയുടെ ഉടമസ്ഥാവകാശം പുനഃസ്ഥാപിച്ച് കിട്ടുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത് എന്ന് വ്യക്തമാക്കാമോ; | (ബി) | സംസ്ഥാനത്ത് ഹാരിസൺ മലയാളം ലിമിറ്റഡും മറ്റ് അനുബന്ധ കമ്പനികളും കൈവശം വച്ച് വരുന്ന ഭൂമിയിന്മേൽ സർക്കാരിന്റെ ഉടമസ്ഥാവകാശം സ്ഥാപിക്കുന്നതിന് സിവിൽ കേസുകൾ ഫയൽ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (സി) | സംസ്ഥാനത്തെ തോട്ടങ്ങളിൽ നിന്നും ലഭിക്കേണ്ട പാട്ടകുടിശ്ശിക യഥാ സമയം പിരിച്ചെടുക്കുന്നുണ്ടോ എന്നറിയിക്കാമോ; എത്ര കുടിശ്ശിക യാണ് ഇക്കാര്യത്തിൽ നിലവിലു ളളത് എന്ന് വ്യക്തമാക്കാമോ? | (സി) | തോട്ടനികുതി ഇനത്തിൽ പിരിച്ചെടുക്കേണ്ട മുഴുവൻ തുകയും പിരിച്ചെടുക്കുന്നതിന് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. നിലവിലെ കുടിശ്ശിക പ്രകാരം ഇടുക്കി ജില്ല (38,410/-), പാലക്കാട് ജില്ല (1,00,16,923/-), കാസർഗോഡ് ജില്ല (1,99,47,891/-) എന്ന പ്രകാരമാണ്. പത്തനംതിട്ട ജില്ലയിൽ പാട്ടം ഈടാക്കുന്നതിലേയ്ക്ക് മരങ്ങളുടെ എണ്ണം തിട്ടപ്പെടുത്തുന്നതിന് സ്പെഷൽ ടീമിനെ നിയോഗിച്ചിട്ടുണ്ട്. |

Nizamma

**സെക്ഷൻ ഓഫീസർ**